# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

ദേവസ്വം ബോർഡ് ആസ്ഥാനത്തെ ജീവനക്കാരുടെ പെരുമാറ്റ ദൂഷ്യം സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 7799/2016/Est.2 തിരുവനന്തപുരം, തീയതി 15/07/2016

---

പരാമർശം : ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ 06/06/2016 ലെ 104/2016/സി.റ്റി/റ്റി.ഡി.ബി/വിജി നമ്പർ റിപ്പോർട്ട്

ദേവസ്വം ബോർഡ് ആസ്ഥാനത്തെ ജീവനക്കാരുടെ പെരുമാറ്റ ദൂഷ്യം സംബന്ധിച്ച് ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസർ പരാമർശ റിപ്പോർട്ട് അയച്ചു.

ക്ഷേത്രങ്ങളിലെ ആവശ്യത്തിനായി ബോർഡ് ആസ്ഥാനത്ത് എത്തുന്ന ആളുകളോട് ബോർഡ് ആസ്ഥാനത്തെ ചില ജീവനക്കാർ മോശമായി പെരുമാറുന്നുവെന്നും ബോർഡ് ഓഫീസിനു മുന്നിൽ ജീവനക്കാർ കൂട്ടം കൂടി നിൽകാറുണ്ടെന്നും യൂണിഫോം ധരിക്കേണ്ട ജീവനക്കാർ ആയതു ധരിക്കുന്നില്ലെന്നും ഇതു സംബന്ധിച്ച് വിജിലൻസിനു ലഭിച്ച ശ്രീ. എസ്. സതീശൻ നായരുടെ പരാതി അടക്കമുള്ള ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ റിപ്പോർട്ട് ബോർഡ് സസൂഷ്മം വിലയിരുത്തി.

ബോർഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും പ്യൂൺമാരും ഡ്രൈവറന്മാരും യൂണിഫോം ധരിച്ചുമാത്രമേ അവരുടെ കർത്തവ്യങ്ങളിൽ ഏർപ്പെടാവൂ എന്നുകാണിച്ച് 07/10/2011 ൽ ആർ.ഒ.സി 9597/11/എസ്റ്റാ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത് ഇപ്പോൾ പാലിക്കപ്പെടുന്നില്ല. യൂണിഫോം അലവൻസ് ക്ലൈം ചെയ്താൽ മാത്രമേ ആയതു ധരിക്കേണ്ടതുള്ളൂ എന്നാണ് പല ജീവനക്കാരും കരുതിയിട്ടുള്ളത്. ഇതു തെറ്റായ നടപടിക്രമമാണ്. ക്ഷേത്രജീവനക്കാരിൽ നിന്നും ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള അനവധി ജീവനക്കാർ ബോർഡ് ഓഫീസിലും മറ്റ് ഇതര ഓഫീസുകളിലും ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് യൂണിഫോം ഇല്ലാത്തതും ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ റിപ്പോർട്ടിൽ വിവരിച്ച അവസ്ഥക്ക് കാരണമാകുന്നുണ്ട്. തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ ആയത് പ്രദർശിപ്പിച്ച് ഡ്യൂട്ടി നോക്കുന്ന കാര്യത്തിലും അലംഭാവം കാണിച്ചുവരുന്നുണ്ട്.

പ്രസ്തുത സംഗതികൾ ഗൗരവമായി കണ്ട് ബോർഡ് ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഓഫീസുകളിൽ ജോലി ചെയ്യുന്ന യൂണിഫോം ഇടുന്നതിനു നിഷ്കർഷിച്ചിട്ടുള്ള ജീവനക്കാരായ ഡെഫേദാർ, പ്യൂൺ, ഡ്രൈവർ എന്നിവർ കൃത്യമായി യൂണിഫോം ധരിച്ച് ഡ്യൂട്ടി നോക്കേണ്ടതാണ്.

2. വിവിധ ഓഫീസുകളിൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള ക്ഷേത്രജീവനക്കാർ തിരിച്ചറിയൽകാർഡ് കരസ്ഥമാക്കി നിർബന്ധമായും ആയത് ധരിച്ചു ഡ്യൂട്ടിനോക്കേണ്ടതാണ്.
3. തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉദ്യോഗസ്ഥർ ഡ്യൂട്ടി സമയങ്ങളിൽ നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിച്ചിരിക്കേണ്ടതാണ്.
4. ഇക്കാര്യങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഫൈൻ തുടങ്ങിയ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

വി. എസ്. ജയകുമാർ
സെക്രട്ടറി

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസർ
3. എല്ലാ വകുപ്പു മേധാവികൾക്കും
4. ഇ.ഡി.പി സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഓഫീസ് ഫെയർ കോപ്പി